പയ്യാവൂർ റോഡ് കി. മീ. 0 മുതൽ 10/450 വരെയുള്ള ഭാഗത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

(ബി) അലൈൻമെന്റിനെ സംബന്ധിച്ച് പഠനം പൂർത്തിയാകാത്തതു കൊണ്ടും ആവശ്യമായ ഫണ്ടിന്റെ ലഭ്യതക്കുറവുമൂലവുമാണ് ഒരേ സമയത്ത് പണി ആരംഭിക്കുവാൻ കഴിയാതെ വരുന്നത്.

ഹിൽ ഹൈവേയും കെ. എസ്. ടി. പി.യും

41 [3566] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേയുടെ ഒന്നാംഘട്ടമായി പ്രഖ്യാപിച്ച കാസർഗോഡ്, പാലക്കാട് ഭാഗം സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ലോക ബാങ്കിന്റെ സഹായത്തോടെയുള്ള കെ.എസ്.ടി.പി. പദ്ധതിയിൽ ഹിൽഹൈവേയെ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഹിൽ ഹൈവേ മുഴുവനുമായിത്തന്നെ സംസ്ഥാന രാജപാതയായി ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ സംസ്ഥാന രാജപാതാ നിലവാരത്തിലേക്ക് പണികൾ ഏറ്റെടുക്കുന്നതിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം കണ്ണൂർ ജില്ലയിൽ വരുന്ന ഒരു ചെറിയഭാഗം (പുറഞ്ഞാൽ-ചെമ്പേരി-പൂപ്പറമ്പ-വെമ്പുവ-പയ്യാവൂർ റോഡ് കി. മീ. 0/0 മുതൽ 10/450) ഇതിന്റെ മുന്നോടിയായി ഏറ്റെടുത്ത് പണി ആരംഭിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണികൾ ഏറ്റെടുക്കുന്നതാണ്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കാഞ്ഞങ്ങാട് - പാണത്തൂർ സ്റ്റേറ്റ് ഹൈവേയിലെ പാലങ്ങളുടെ പണി

42 [3567] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് - പാണത്തൂർ സ്റ്റേറ്റ് ഹൈവേയിൽ നിലവിലുള്ള അഞ്ചു പാലങ്ങളിൽ എത്ര പാലങ്ങളുടെ പണിയാണ് ഇപ്പോൾ പൂർത്തിയായത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും പണി തുടങ്ങാത്ത പാലങ്ങളുടെ പണി എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly